**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 5280**

**02.07.2013–ലെ മറുപടിക്ക്**

**തോടന്നൂരിൽ സബ്ട്രഷറി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.കെ.ലതിക | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം.മാണി |
| (എ) | കോഴിക്കോട് ജില്ല തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ തോടന്നൂർ ആസ്ഥാനമായി ഒരു സബ് ട്രഷറി സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | കോഴിക്കോട് ജില്ലയിലെ തോടന്നൂർ ആസ്ഥാനമാക്കി ഒരു സബ് ട്രഷറി ആരംഭിക്കുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ താമരശ്ശേരി ജില്ലാ ട്രഷറി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് സബ് ട്രഷറികൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | സർക്കാരിന്റെ സാമ്പത്തിക ഇടപാടുകാർ, പെൻഷൻകാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഇടപാടുകൾ, സർക്കാരിലേക്കുള്ള വിവിധതരം പണം ഒടുക്കലുകൾ, മുദ്രപ്പത്ര വിൽപ്പന എന്നിവയുടെ വ്യാപ്തിയാണ് പുതുതായി സബ് ട്രഷറി അനുവദിക്കുന്നതിന് നിലവിൽ സർക്കാർ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ. |

**സെക്ഷൻ ഓഫീസർ**